# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് പത്ത്

## രാജാവിന്റെ അഭിഷേകം

### (3)

Tue ഈ ദൂതിൽ രാജാവിന്റെ യഥാർഥ അഭിഷേകത്തിലേക്ക് നാം വരുന്നു (3:13-17).

## II. അഭിഷേകം ചെയ്യപ്പെട്ടു

### A. സ്നാനത്തിലൂടെ

വാക്യം 13 പറയുന്നു, "അനന്തരം യേശു യോഹന്നാനാൽ സ്നാനമേൽക്കുവാൻ ഗലീലയിൽനിന്നു യോർദ്ദാനിലേക്ക് അവന്റെ അടുക്കൽ വന്നു." ഈ വാക്യത്തിലെ രണ്ട് നിർണ്ണായകമായ പദങ്ങൾ ഗലീലയും യോർദ്ദാനും ആണ്. വിശുദ്ധീകരിക്കപ്പെടുവാൻ യേശു ബെത്ലഹേമിൽനിന്ന് യെരുശലേമിലേക്കു വന്നുവെന്ന് ഈ വാക്യം പറയുന്നില്ല. അതു പറയുന്നത് സ്നാനപ്പെടുവാൻ അവൻ ഗലീലയിൽനിന്ന് യോർദ്ദാനിലേക്കു വന്നുവെന്നാണ്. "ഗലീലയിൽനിന്ന് യോർദ്ദാനിലേക്ക്" എന്ന പ്രയോഗത്തിന്റെ പ്രാധാന്യം നാം ചിന്തിക്കേണ്ടത് ആവശ്യമാണ്. എന്തുകൊണ്ട് യേശു ബെത്ലഹേമിൽനിന്നല്ല, മറിച്ച് ഗലീലയിൽനിന്നും, യെരൂശലേമിലേക്കല്ല, പിന്നെയോ യോർദ്ദാനിലേക്കും വന്നു എന്നു കാണുന്നത് എളുപ്പമല്ല. അവൻ എന്തുകൊണ്ട് സംസ്കാരസമ്പന്നനും മതഭക്തനുമായ വ്യക്തിയായ മഹാപുരോഹിതന്റെ അടുക്കൽ പോകാതെ ഒരു "വന്യ" വ്യക്തിയായ യോഹന്നാന്റെ അടുക്കൽ വന്നു എന്നും നാം കാണേണ്ടത് ആവശ്യമാണ്. കൂടാതെ, എന്തുകൊണ്ട് വിശുദ്ധീകരിക്കപ്പെടുവാനല്ല, പ്രത്യുത സ്നാനപ്പെടുവാൻ അവൻ വന്നു എന്നും നാം അറിയേണ്ടത് ആവശ്യമാണ്.

### *1. ഗലീലയിൽനിന്നു വരുന്നു*

പുതിയനിയമത്തിൽ ഒരു വെറുക്കപ്പെട്ട പ്രദേശമായ ഗലീല തിരസ്കരണത്തെ സൂചിപ്പിക്കുന്നു. യേശു ബെത്ലഹേമിൽനിന്നു

വന്നില്ല, കാരണം ആ കാലത്ത് ബെത്ലഹേം ബഹുമാനത്തിന്റെയും സ്വാഗതത്തിന്റെയും ഒരു സ്ഥലമായിരുന്നു. നിങ്ങൾ ബെത്ലഹേമിൽനിന്നു വന്നിരുന്നെങ്കിൽ, എല്ലാവരും നിങ്ങളെ ബഹുമാനിക്കുകയും ഊഷ്മളമായി നിങ്ങളെ സ്വാഗതം ചെയ്യുകയും ചെയ്യും. എന്നാൽ നിങ്ങൾ ഗലീലയിൽനിന്നു വന്നുവെങ്കിൽ, എല്ലാവരും നിങ്ങളെ നിന്ദിക്കുകയും നിങ്ങളെ തിരസ്കരിക്കുകയും ചെയ്യും. ഇങ്ങനെയുള്ള വെറുക്കപ്പെട്ടതും തിരസ്കരിക്കപ്പെട്ടതുമായ ഒരു സ്ഥലത്തു നിന്നാണ് യേശു വന്നത്. ഈ സ്ഥലം ദൈവത്താൽ തിരസ്കരിക്കപ്പെട്ടതല്ല, പിന്നെയോ മതത്താലും സംസ്കാരത്താലും തിരസ്കരിക്കപ്പെട്ടതായിരുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിലേക്ക് വരുന്നവരെല്ലാം ബെത്ലഹേമിൽനിന്നു വരുന്നവരല്ല; മറിച്ച് അവർ ഗലീലയിൽനിന്നു വരുന്നവരാണ്. ബഹുമാനത്തിന്റെയും ഊഷ്മളമായ സ്വാഗതത്തിന്റെയും സ്ഥലത്തുനിന്നു വരാൻ ശ്രമിക്കരുത്; മറിച്ച് മതത്താലും സംസ്കാരത്താലും നിന്ദിക്കപ്പെട്ടതും തിരസ്കരിക്കപ്പെട്ടതുമായ ഒരു സ്ഥലത്തുനിന്നു വരുക. ഒരു രാഷ്ട്രത്തിന്റെ പ്രസിഡന്റ് പോലും സഭയുടെ വഴി എടുത്തുവെങ്കിൽ, അവനും ഗലീലയിൽനിന്ന് യോർദ്ദാനിലേക്കു വരുന്ന ഒരുവനായിരിക്കണം. വർഷങ്ങളിലൂടെ നീളമുള്ള എന്റെ നിരീക്ഷണത്തിലും വീക്ഷണത്തിലും, സഭയുടെ വഴിയിലേക്കു തിരിഞ്ഞിട്ടുള്ള ഉന്നത പദവിയിലുള്ളവർ ഇന്നത്തെ മതത്താലും സംസ്കാരത്താലും നിന്ദിക്കപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്തിരുന്നുവെന്ന് ഞാൻ കണ്ടിട്ടുണ്ട്. നിങ്ങൾ ഇന്നത്തെ മതത്താലും സംസ്കാരത്താലും ഇപ്പോഴും ബഹുമാനിക്കപ്പെടുന്നവരും സ്വാഗതം ചെയ്യപ്പെടുന്നവരുമാണെങ്കിൽ നിങ്ങൾ ഗലീലയിൽനിന്ന് യോർദ്ദാനിലേക്കുള്ള വഴിയിലല്ലെന്ന് എനിക്ക് നിശ്ചയമുണ്ട്. ഗലീലയിൽനിന്ന് യോർദ്ദാനിലേക്കുള്ള വഴിയാണ് സഭയ്ക്കായുള്ള ശരിയായ വഴി. ഇന്നത്തെ സഭാജീവിതത്തിന്റെ വഴി ബെത്ലഹേമിൽനിന്ന് യെരൂശലേമിലേക്കുള്ള വഴിയല്ല; അത് ഗലീലയിൽനിന്ന് യോർദ്ദാനിലേക്കുള്ള വഴിയാണ്.

സഭയുടെ വഴി ഒരു ഇടുങ്ങിയ വഴിയാണ്. കർത്താവിന്റെ പ്രത്യുദ്ധാരത്തിന് എതിർപ്പൊന്നുമില്ലാതെ സകല ക്രിസ്തീയ സംഘടനകളിൽനിന്നും വലിയൊരു പുകഴ്ച ഉണ്ടായിരുന്നാലും, സഭയുടെ വഴി ഒരു ഇടുങ്ങിയ വഴിയായതുകൊണ്ട് സഭയുടെ വഴിയിലേക്ക് തിരിയുന്നവരുടെ എണ്ണം അപ്പോഴും ഇന്നത്തെപ്പോലെ തന്നെയായിരിക്കും. ചിലർ സഭയെ പരിഗണിക്കുമ്പോൾ അവർ പറയുമായിരിക്കും, "ഇത് സ്വർഗരാജ്യമാണ്. തീർച്ചയായും ഈ വഴി വളരെ ഉന്നതമാണ്." ഈ വഴി ഉന്നതമാണെങ്കിലും നിങ്ങളുടെ ധാരണയനുസരിച്ച് അത് ഉന്നതമല്ല. പകരം അത് ഗലീലയിൽനിന്ന് യോർദ്ദാനിലേക്കുള്ള ഒരു പെരുവഴിയാണ്.

## 2. യോർദ്ദാനിലേക്ക് വരുന്നു

നാം ചൂണ്ടിക്കാണിച്ചതുപോലെ യോർദ്ദാൻ അടക്കത്തിന്റെയും പുനരുത്ഥാനത്തിന്റെയും സ്ഥലമായിരുന്നു. അങ്ങനെ, യോർദ്ദാൻ അവസാനിപ്പിക്കലിനെയും മുളപ്പിക്കലിനെയും സൂചിപ്പിക്കുന്നു. യിസ്രായേൽമക്കൾ മരുഭൂമിയിലൂടെ ഏകദേശം നാല്പതു വർഷം യാത്രചെയ്യുകയും ഒടുവിൽ അവരെല്ലാവരും യോർദ്ദാൻനദിയിൽ അടക്കപ്പെടുകയും ചെയ്തു. തന്മൂലം, യോർദ്ദാൻ അവരെ അവസാനിപ്പിക്കുകയും, മരുഭൂമിയിൽ അലഞ്ഞുനടന്നതിന്റെ ചരിത്രം അവസാനിക്കുകയും, അലഞ്ഞുനടക്കുന്നതിന്റെ യുഗത്തെ അവസാനിപ്പിക്കുകയും ചെയ്തു. എന്നാൽ യോർദ്ദാൻ അവർക്കൊരു പുതിയ ആരംഭം നൽകുകയും ചെയ്തു, കാരണം അത് അവരെ മുളപ്പിക്കുകയും അവരെ പുതിയ യുഗത്തിലേക്ക് ആനയിക്കുകയും ചെയ്തു. യോർദ്ദാനായിരുന്നു യിസ്രായേൽമക്കളെ മരുഭൂമിയിൽനിന്ന് പുറത്തേക്കും ക്രിസ്തു എന്ന നല്ലദേശത്തിലേക്കും കൊണ്ടുവന്നത്. ഇതാണ് യോർദ്ദാന്റെ പ്രാധാന്യം.

സഭാജീവിതത്തിൽ ഇന്ന് നമ്മുടെ വഴി ഗലീലയിൽനിന്നു യോർദ്ദാനിലേക്കുള്ള വഴി, തിരസ്കരണത്തിൽനിന്ന് അവസാനിപ്പിക്കലിന്റെയും പുനരുത്ഥാനത്തിന്റെയും വഴി ആണ്. നമ്മെ നിന്ദിക്കുകയും തിരസ്കരിക്കുകയും ചെയ്യുന്നവരോട് നാം എല്ലാവരും പറയണം, "വിടവാങ്ങുന്നു. നിങ്ങളാൽ സ്വാഗതം ചെയ്യപ്പെടുവാൻ ഞാൻ ആഗ്രഹിക്കുകയില്ല. എന്നെ അവസാനിപ്പിക്കുകയും മുളപ്പിക്കുകയും ചെയ്യാൻ കഴിയുന്ന സ്ഥലത്തേക്ക് ഞാൻ പോകുന്നു." സഭാജീവിതത്തിൽ ബഹുമാനമില്ല; പകരം അവസാനിപ്പിക്കലാണുള്ളത്. ദിനംപ്രതി നാം അവസാനിപ്പിക്കപ്പെടുന്നു. സഭയിൽ നമുക്കൊരു പരസ്പര അവസാനിപ്പിക്കലുണ്ട്. എല്ലാ ദിവസവും, ഓരോ മണിക്കൂറും നാം അന്യോന്യം അവസാനിപ്പിക്കുന്നു. എന്നാൽ അവസാനിപ്പിക്കപ്പെടുന്നത് ഒരു നല്ല കാര്യമാണ്. അവസാനിപ്പിക്കൽ അവസാനമല്ല; അത് ആരംഭമാണ്, കാരണം അവസാനിപ്പിക്കൽ എപ്പോഴും മുളപ്പിക്കലിലേക്കു നയിക്കുന്നു. അതുകൊണ്ട്, ഓരോ അവസാനിപ്പിക്കലും ഒരു മുളപ്പിക്കലായിത്തീരുന്നുവെന്ന് നമുക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും.

ചിലപ്പോൾ സഹോദരിമാർ പറയുന്നു, "ലീ സഹോദരാ, സഭാജീവിതം മനോഹരമാണെങ്കിലും സഹോദരിമാരായ ഞങ്ങൾക്ക് പലപ്പോഴും അത് പ്രയാസകരമാണ്. സഹോദരന്മാർ തലയാണെന്നും സഹോദരിമാരായ ഞങ്ങൾ അവർക്ക് വിധേയപ്പെടണമെന്നും ഞങ്ങൾക്കറിയാം. സഹോദരന്മാർ നല്ലവരാണ്, എന്നാൽ അവർ വളരെ ബലവാന്മാരാണ്. ഞങ്ങൾക്ക്

അത് സ്വീകരിക്കുവാൻ കഴിയുന്നില്ല. പലപ്പോഴും അവർ ഞങ്ങളെ ഏറെക്കുറെ കൊന്നിട്ടുണ്ട്." ഇത് ഞാൻ കേൾക്കുമ്പോഴെല്ലാം ഞാൻ പറയുന്നു, "അതു നല്ലതല്ലേ? അവസാനിപ്പിക്കപ്പെടുന്നത് എത്ര നല്ലതാണ്. സഹോദരിമാർ സഹോദരന്മാരാൽ കൊല്ലപ്പെടുന്നത് നല്ലതല്ലേ?"

ചില വർഷങ്ങൾക്കുമുമ്പ് ഒരു സഭയിലേക്ക് ഞാൻ ക്ഷണിക്കപ്പെട്ടു. സഹോദരിമാർ വളരെ വികാരാധീനരും സ്വാഭിപ്രായമുള്ളവരും ആണെന്നും അത് അവരുമായി കൂട്ടായ്മ ഉണ്ടായിരിക്കുന്നതിന് വളരെ പ്രയാസമുണ്ടാക്കുന്നുവെന്നും അവിടെയുള്ള സഹോദരന്മാർ എന്നോടു പറഞ്ഞു. സാഹചര്യത്തെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അവർക്കറിയില്ലായിരുന്നു. നിരവധി ദിവസങ്ങൾക്കുശേഷം പ്രശ്നത്തിലുള്ള അതേ സഹോദരിമാർ എന്നെ ഉച്ചഭക്ഷണത്തിന് ക്ഷണിച്ചു. അവരുടെ അഭിപ്രായം പ്രകടിപ്പിക്കാനുള്ള ഒരു അവസരം ഉണ്ടായിരിക്കുക എന്നതായിരുന്നു അങ്ങനെ ചെയ്യതിലുള്ള അവരുടെ ഉദ്ദേശ്യം. സഹോദരന്മാർ വളരെ ബലവാന്മാരായിരുന്നതുകൊണ്ട് അവരുടെ സഹനശക്തി തീർന്നുപോയെന്ന് അവർ എന്നോടു പറഞ്ഞു. മുന്നോട്ടു പോകാനുള്ള മാർഗം ഞാൻ അവർക്ക് പറഞ്ഞുകൊടുക്കണമായിരുന്നു. കുറച്ച് നാളുകൾക്കുമുമ്പ് സഹോദരന്മാരാൽ ഞാൻ സമ്മർദ്ദത്തിലായി; എന്നാൽ ഇപ്പോൾ സഹോദരിമാരാൽ ഞാൻ സമ്മർദ്ദത്തിലായിരിക്കുന്നു. സഹോദരന്മാർക്കും സഹോദരിമാർക്കും അത് എത്ര ഗൗരവമുള്ളതും ഭയങ്കരവുമായ അവസാനിപ്പിക്കലായിരുന്നു എന്നു ഞാൻ കണ്ടു. സഹോദരന്മാരും സഹോദരിമാരും അവസാനിപ്പിക്കപ്പെടുകയായിരുന്നു. എന്നാൽ ആ പരസ്പര അവസാനിപ്പിക്കൽ വളരെ അനുലോമപരമാണ്. അവസാനിപ്പിക്കപ്പെടുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? സഭാജീവിതത്തിൽ നിങ്ങൾ ഒരിക്കലും അവസാനിപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളെത്തന്നെ അതിനായി ഒരുക്കുക. സഭാജീവിതത്തിൽ നാം എല്ലാവരും അവസാനിപ്പിക്കപ്പെടും എന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പു തരുന്നു, കാരണം നാം ഗലീലയിൽനിന്ന് യോർദ്ദാനിലേക്കുള്ള വഴിയിലാണ്.

പുതിയ ആളുകൾ സഭാജീവിതത്തിലേക്കു വരുമ്പോൾ അവർ പറഞ്ഞേക്കാം, "ഹല്ലേലൂയ്യാ! ഞാൻ സഭാജീവിതം കണ്ടിരിക്കുന്നു! എത്ര മനോഹരം!" ഞാൻ ഇതു കേൾക്കുമ്പോഴെല്ലാം ഉള്ളിൽ പറയും, "അതെ. അത് മനോഹരമാണ്, എന്നാൽ അല്പം കാത്തിരിക്കൂ. ഇന്നല്ലെങ്കിൽ നാളെ ഈ മനോഹരമായ സഭാജീവിതം നിങ്ങളെ അവസാനിപ്പിക്കും." സഭാജീവിതത്തിൽ ഡസൻ കണക്കിനു തവണ ഞാൻ അവസാനിപ്പിക്കപ്പെട്ടിട്ടുണ്ട്. കുറഞ്ഞപക്ഷം പത്ത് മുഖ്യമായ അവസാനിപ്പിക്കൽ ഞാൻ അനുഭവിച്ചിട്ടുണ്ട്. ചീഫൂവിലും, ഷങ്ഹായിയിലും, തായ്പേയിയിലും, മനിലയിലും, ലോസ് ആഞ്ചലസിലും, അനഹേമിലും ഞാൻ അവസാനിപ്പിക്കപ്പെട്ടിട്ടുണ്ട്.

ആശ്ചര്യകരമായ സഭാജീവിതം തീർച്ചയായും അവസാനിപ്പിക്കുന്ന ജീവിതമാണ്. മനോഹരമായ സഭാജീവിതം നമ്മെയെല്ലാം അവസാനിപ്പിക്കുന്നു. അവസാനിപ്പിക്കപ്പെടുവാൻ ഒരുങ്ങിയിരിക്കുക. വളരെ ചുരുങ്ങിയ സമയം മാത്രം സഭാജീവിതത്തിലുണ്ടായിരുന്നവർ ഒരുപക്ഷെ ഇപ്പോഴും അവരുടെ സഭാ മധുവിധുവിലായിരിക്കാം. മധുവിധു നല്ലതാണ് എന്നാൽ വിവാഹിതരായ എല്ലാ ദമ്പതികൾക്കും അറിയാവുന്നതുപോലെ മധുവിധു ഒടുവിൽ അവസാനിപ്പിക്കലിലേക്കു തിരിയുന്നു. മിക്കവാറും എല്ലാ ഭർത്താവും തന്റെ ഭാര്യയെ അവസാനിപ്പിക്കുകയും, എല്ലാ ഭാര്യയും അവളുടെ ഭർത്താവിനെ അവസാനിപ്പിക്കുകയും ചെയ്യിരിക്കുന്നു. എന്നാൽ ഈ അവസാനിപ്പിക്കൽ വളരെ അനുലോമമാണ്, കാരണം അത് മുളപ്പിക്കലിനെ കൊണ്ടുവരുന്നു. ഹല്ലേലൂയ്യാ, അവസാനിപ്പിക്കൽ പുനരുത്ഥാനത്തിൽ പരിണമിക്കുന്നു!

Wed സഭാജീവിതം സത്യമായും മനോഹരമാണ്, എന്നാൽ നമ്മുടെ ധാരണയനുസരിച്ച് മനോഹരമല്ല. മനോഹരമായ സഭാജീവിതം ഇന്നല്ലെങ്കിൽ നാളെ നമ്മെയെല്ലാം അവസാനിപ്പിക്കും. അത് നിങ്ങളെ അവസാനിപ്പിക്കുകയും നിങ്ങളെ മുളപ്പിക്കുകയും ചെയ്യും. നിങ്ങൾ എന്തായിരുന്നാലും, നിങ്ങൾക്ക് എന്തുണ്ടെങ്കിലും, നിങ്ങൾക്ക് എന്തു ചെയ്യുവാൻ കഴിഞ്ഞാലും, എല്ലാം അവസാനിപ്പിക്കപ്പെടുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പു തരുന്നു. ഇത് നിർവഹിക്കപ്പെടുവാൻ സഭയിൽ പത്തു വർഷത്തെ ചരിത്രം എടുത്തേക്കാം. തങ്ങളുടെ ആളത്തത്തിന്റെ ഓരോ ഭാഗവും അവസാനിപ്പിക്കപ്പെട്ടുവെന്ന് പത്തു വർഷമായി സഭയിലുണ്ടായിരുന്നവർക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. സഭയിൽ എത്രയധികം സമയം നാം തങ്ങുന്നുവോ അത്രയധികം നാം അവസാനിപ്പിക്കപ്പെടുന്നു. ആദ്യം അവസാനിപ്പിക്കലിന്റെ അനുഭവം കയ്പുള്ളതാണ്. എന്നാൽ കുറച്ചു കഴിഞ്ഞ് അത് മധുരമുള്ളതായിത്തീരുന്നു. അവസാനിപ്പിക്കപ്പെടുന്നത് ഇന്നെനിക്ക് മധുരകരമാണ്. സഭാജീവിതത്തിൽ അനേകം വർഷത്തെ അവസാനിപ്പിക്കപ്പെടലിനുശേഷം, അവസാനിപ്പിക്കപ്പെടുന്നത് നിങ്ങൾക്ക് സന്തോഷകരമായിരിക്കും. ആദ്യം സഭാജീവിതത്തിൽ നിങ്ങൾ അവസാനിപ്പിക്കപ്പെടുമ്പോൾ നിങ്ങൾക്ക് ലജ്ജ തോന്നുന്നു. എന്നാൽ ക്രമേണ അത് നിങ്ങൾക്ക് മധുരമുള്ള അനുഭവമായിത്തീരുന്നു. നാം ഗലീലയിൽനിന്ന് യോർദ്ദാനിലേക്കുള്ള വഴിയിൽ, തിരസ്കരണത്തിന്റെ സ്ഥലത്തുനിന്നും അവസാനിപ്പിക്കലിന്റെ സ്ഥലത്തിലേക്കുള്ള വഴിയിൽ ആണ്.

അവസാനിപ്പിക്കലിന്റെ ഈ സ്ഥലത്താണ് നാം രാജാവിനെ കണ്ടുമുട്ടുന്നത്. ഇവിടെ സഭാജീവിതത്തിലാണ് നാം അവനെ കണ്ടുമുട്ടുന്നത്. സഭാജീവിതത്തിലേക്ക് ഞാൻ വന്ന സമയം മുതൽ ഞാൻ വീണ്ടും വീണ്ടും കർത്താവിലേക്ക് കൊണ്ടുവരപ്പെട്ടു. ദിവസംതോറും, സഭാജീവിതം എന്നെ ക്രിസ്തുവിലേക്ക്

കൊണ്ടുവരുകയും, അത് രാജാവായ ക്രിസ്തുവിനെ എന്നിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നു. ഒടുവിൽ രാജ്യം ഇവിടെയുണ്ട്. ഇതു കാരണമാണ് സഭാജീവിതം രാജ്യമായിരിക്കുന്നത്.

ഭാവികാലത്തുള്ള ഒരു സമയം വരെ രാജ്യം താൽക്കാലികമായി മാറ്റിവച്ചിരിക്കുന്നു എന്ന് ബ്രദറൻ എന്നെ പഠിപ്പിച്ചിരുന്നു. സഭ ഇന്ന് രാജ്യമല്ലെന്നും എന്നെ അവർ പഠിപ്പിച്ചു. എന്നാൽ എന്റെ അനുഭവത്തിൽ ഞാൻ അവസാനിപ്പിക്കപ്പെട്ട ഓരോ സമയത്തും ഞാൻ രാജാവിന്റെ അടുക്കലേക്ക് കൊണ്ടുവരപ്പെട്ടെന്നും രാജാവ് എന്റെ അടുക്കലേക്ക് കൊണ്ടുവരപ്പെട്ടെന്നും ഞാൻ ക്രമേണ തിരിച്ചറിഞ്ഞു. എന്റെ അനുഭവത്തിൽ ഇതായിരുന്നു രാജ്യത്തിന്റെ യാഥാർഥ്യം. അനുഭവത്തിലൂടെയായിരുന്നു സഭാജീവിതം രാജ്യമാണെന്ന് ഞാൻ ആദ്യം അറിയുവാൻ ഇടവന്നത്. രാജ്യത്തെ സംബന്ധിച്ച് ബ്രദറനിൽനിന്നും എനിക്കു ലഭിച്ച ഉപദേശം കൃത്യമായിരുന്നില്ലെന്ന് എന്റെ അനുഭവം എന്നോടു പറഞ്ഞു. എന്റെ അനുഭവമനുസരിച്ച് ഞാൻ രാജ്യത്തിലായിരുന്നുവെന്ന് ഞാൻ അറിഞ്ഞിരുന്നു. ഞാൻ അവസാനിപ്പിക്കപ്പെട്ട ഓരോ സമയത്തും ഞാൻ എന്റെ രാജാവിനെ കണ്ടുമുട്ടുകയും രാജ്യം സന്നിഹിതമായിരിക്കുകയും ചെയ്തു. ഇത് ഉപദേശത്തിന്റെ ഒരു വിഷയമല്ല; ഇത് അനുഭവത്തിന്റെ ഒരു കാര്യമാണ്. പിന്നീട് പുതിയനിയമം കൂടുതൽ പഠിച്ചതിലൂടെ രാജ്യത്തിന്റെ വിഷയത്തിൽ എനിക്ക് വെളിച്ചം ലഭിക്കുകയും എന്റെ അനുഭവം ഉറപ്പിക്കപ്പെടുകയും ചെയ്തു. പുതിയനിയമമനുസരിച്ച് ഇന്ന് രാജ്യം ഇവിടെയുണ്ടെന്ന് എനിക്ക് ധൈര്യമായി പറയുവാൻ കഴിയും. ഭാവികാലത്തുള്ള ഒരു സമയം വരെ രാജ്യം താൽക്കാലികമായി മാറ്റിവച്ചിരിക്കുന്നുവെന്ന് ചില ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ പറയുന്നത് അവർ അവസാനിപ്പിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ടാണ്. അവർ രാജാവിന്റെ അടുക്കലേക്ക് കൊണ്ടുവരപ്പെട്ടിട്ടില്ല; രാജാവ് അവരുടെ അടുക്കലേക്കും കൊണ്ടുവരപ്പെട്ടിട്ടില്ല. അങ്ങനെ, അവരുടെ ദിവസേനയുള്ള അനുഭവത്തിൽ അവർക്ക് രാജ്യം ഇല്ല. എന്നാൽ, ഗലീലയിൽനിന്ന് യോർദ്ദാനിലേക്കുള്ള വഴിയിൽ നിങ്ങൾ അവസാനിപ്പിക്കപ്പെട്ടതിനുശേഷം രാജാവും രാജ്യവും സന്നിഹിതമായിരിക്കും.

## *3. യോഹന്നാനാൽ സ്നാനപ്പെട്ടു*

യോഹന്നാനാൽ സ്നാനപ്പെടുവാൻ കർത്താവായ യേശു ഗലീലയിൽനിന്നും യോർദ്ദാനിലേക്കു വന്നു. ദൈവത്തിന്റെ പുതിയനിയമ രീതി അനുസരിച്ച് ഒരു മനുഷ്യനെന്ന നിലയിൽ കർത്താവായ യേശു യോഹന്നാൻ സ്നാപകന്റെ അടുക്കൽ സ്നാനപ്പെടുവാൻ വന്നു. യോഹന്നാൻ കർത്താവിനെ ദൈവമാണെന്ന് സാക്ഷ്യപ്പെടുത്തുന്നതുകൊണ്ട് നാലു സുവിശേഷങ്ങളിൽ യോഹന്നാന്റേതു മാത്രം യേശു

സ്നനപ്പെടുന്നതിന്റെ വിവരണം നൽകുന്നില്ല. വിശുദ്ധീകരിക്കപ്പെടുവാനായി യേശു യോഹന്നാന്റെ അടുത്തു വന്നുവെന്ന് വാക്യം 13 പറയുന്നില്ല; സ്നാനപ്പെടുവാൻ അവൻ വന്നുവെന്ന് അതു പറയുന്നു. വിശുദ്ധീകരിക്കപ്പെടുവാൻ എല്ലാ ക്രിസ്ത്യാനികളും ഇഷ്ടപ്പെടുന്നുവെങ്കിലും, അവസാനിപ്പിക്കപ്പെടുകയും അടക്കപ്പെടുകയും ചെയ്യുന്ന അർഥത്തിൽ സ്നാനപ്പെടുവാൻ ആരും ഇഷ്ടപ്പെടുന്നില്ല. സ്നാനപ്പെടുകയെന്നാൽ അവസാനിപ്പിക്കപ്പെടുന്നതാണ്. സഭ നിങ്ങളെ വിശുദ്ധീകരിക്കുകയില്ല, മറിച്ച് അവസാനിപ്പിക്കും എന്ന് ഞാൻ നിങ്ങളോടു പറഞ്ഞുവെങ്കിൽ സഭയിൽനിന്നും തിരിഞ്ഞിട്ട് നിങ്ങൾ പറയും, "എനിക്കിവിടെ നിൽക്കണ്ട. വിശുദ്ധീകരിക്കപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭ എന്നെ കൂടുതൽ വിശുദ്ധനാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു." എന്നാൽ സഭ ഒന്നാമതായി നിങ്ങളെ കൂടുതൽ വിശുദ്ധനാക്കുകയില്ല; അത് വീണ്ടും വീണ്ടും നിങ്ങളെ അവസാനിപ്പിക്കും. സഭ ഒന്നാമതായി വിശുദ്ധീകരിക്കുന്ന സഭയല്ല, പ്രത്യുത സ്നാനപ്പെടുത്തുന്ന സഭയാണ്. കർത്താവായ യേശുവിന്റെ കാര്യം നോക്കുക. അവൻ യഥാർഥ ഇടയനായിരുന്നു. ഒരു ഇടയൻ എപ്പോഴും നേതൃത്വമെടുക്കുന്നു. ഇടയ-രാജാവെന്ന നിലയിൽ കർത്താവായ യേശു സ്നാനപ്പെടുവാൻ ഗലീലയിൽനിന്നു യോർദ്ദാനിലേക്കു നടക്കുവാൻ നേതൃത്വമെടുത്തു. സിംഹാസനസ്ഥനാകുവാനല്ല, മരണത്തിന് ഏൽപ്പിക്കപ്പെടുവാൻ, അടക്കപ്പെടുവാൻ അവൻ യോർദ്ദാനിലേക്കു വന്നു.

## *4. സകല നീതിയും നിവർത്തിക്കപ്പെടുവാൻ*

14-ഉം 15-ഉം വാക്യങ്ങൾ പറയുന്നു, "എന്നാൽ യോഹന്നാൻ, നിന്നാൽ സ്നാനമേൽക്കുവാൻ എനിക്ക് ആവശ്യം; പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ? എന്നു പറഞ്ഞുകൊണ്ട് അവനെ തടയുവാൻ ശ്രമിച്ചു. എന്നാൽ യേശു ഉത്തരം നൽകി അവനോട്, ഇപ്പോഴത്തേക്ക് അനുവദിക്കുക, ഇപ്രകാരം സകല നീതിയും നിവർത്തിക്കുന്നത് നമുക്ക് ഉചിതമാകുന്നു എന്നു പറഞ്ഞു. അപ്പോൾ അവൻ അവനെ അനുവദിച്ചു." യോഹന്നാൻ നല്ലവണ്ണം മനസ്സിലാക്കിയില്ല; യേശുവിന് എങ്ങനെ തന്നാൽ സ്നാനമേൽക്കുവാൻ കഴിയുമെന്ന് അവൻ അത്ഭുതപ്പെട്ടു; അവൻ യേശുവിനാൽ സ്നാനപ്പെടണമായിരുന്നു എന്ന് അവൻ ചിന്തിച്ചു. യോഹന്നാൻ അപ്പോഴും ഏറെക്കുറെ തന്റെ സ്വാഭാവിക ജീവനിലായിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. മുപ്പതു വർഷത്തിലേറെയായി അവൻ പരിശുദ്ധാത്മാവിനാൽ കുതിർക്കപ്പെട്ടിരുന്നെങ്കിലും ചില സ്വാഭാവിക മൂലകം അപ്പോഴും അവനിൽ ശേഷിച്ചിരുന്നു. വാക്യം 14-ലെ അവന്റെ വാക്ക് അവന്റെ സ്വാഭാവിക ധാരണക്കനുസരിച്ച് സംസാരിച്ചതായിരുന്നു. അങ്ങനെ, അവനോട് ഉത്തരം പറയുന്നതിൽ കർത്താവ് ഇങ്ങനെ പറയുന്നതായി തോന്നുന്നു,

"സ്നാനപ്പെടുവാൻ നീ എന്നെ അനുവദിക്കണം. നിന്റെ സ്വാഭാവിക ധാരണയാൽ നീ എന്നെ തടസ്സപ്പെടുത്തരുത്. ഞാൻ നിന്നെക്കാൾ ശക്തനായതുകൊണ്ട് നിന്നാൽ ഞാൻ സ്നാനപ്പെടേണ്ടതില്ല എന്നു ചിന്തിക്കരുത്. നാം സകല നീതിയും നിവർത്തിക്കേണ്ടതിന് എന്നെ സ്നാനപ്പെടുവാൻ അനുവദിക്കുക."

നീതിയെന്നാൽ ദൈവം നിയോഗിച്ചിരിക്കുന്ന മാർഗത്തിൽ ജീവിക്കുകയും, നടക്കുകയും, കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നതിലൂടെ നേരുള്ളവരായിരിക്കുന്നതാണ്. പഴയനിയമത്തിൽ, ദൈവം നൽകിയ ന്യായപ്രമാണം പാലിക്കുന്നതായിരുന്നു നീതി. ഇപ്പോൾ സ്നാനം നിയോഗിക്കുവാൻ യോഹന്നാൻ സ്നാപകനെ ദൈവം അയച്ചിരിക്കുന്നു. സ്നാനപ്പെടുകയെന്നതും ദൈവമുമ്പാകെ നീതി നിവർത്തിക്കുന്നതാണ്; അതായത്, ദൈവത്തിന്റെ ആവശ്യകത നിറവേറ്റുന്നതാണ്. കർത്താവായ യേശു ദൈവമായല്ല, തനി മനുഷ്യനായി, ഒരു യഥാർഥ യിസ്രായേല്യനായി യോഹന്നാന്റെ അടുക്കൽ വന്നു. തന്മൂലം, ദൈവത്തിന്റെ യുഗപരമായ ഈ അനുഷ്ഠാനം പാലിക്കുവാൻ അവൻ സ്നാനപ്പെടണം: അല്ലെങ്കിൽ, അവൻ ദൈവത്തോട് നിരപ്പുള്ളവനായിരിക്കുകയില്ല.

നീതിയെന്നത് ദൈവവുമായി നിരപ്പുള്ളവനായിരിക്കുന്ന കാര്യമാണ്. ദൈവം ഒരു മുറിയുടെ മച്ചിൽ ഒരു വാതിൽ തുറന്നിട്ട് മുറിയിൽ പ്രവേശിക്കുവാനുള്ള ശരിയായ വഴി ഇതാണെന്ന് പറയുന്നുവെന്ന് സങ്കല്പിക്കുക. ആ വാതിലിലൂടെ മുറിയിലേക്കു പ്രവേശിക്കാത്ത ആരും ദൈവവുമായി നിരപ്പുള്ളവനല്ല. ഒരുപക്ഷെ നിങ്ങൾ പറയും, "ആ വാതിലിലൂടെ മുറിയിലേക്കു പ്രവേശിക്കുന്നതിനോട് ഞാൻ യോജിക്കുന്നില്ല. എന്റെ ധാരണയനുസരിച്ച് ഈ വാതിൽ ശരിയല്ല. മുമ്പിലത്തെ വാതിലോ വശത്തുള്ള വാതിലോ ആണ് ശരിയായ വാതിൽ." നിങ്ങളുടെ കാഴ്ചയിൽ നിങ്ങളുടെ വഴി ശരിയായിരിക്കാം, എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ അങ്ങനെയല്ല. നീതിയെന്നത് നിങ്ങളുടെ അഭിപ്രായത്തിന്റെ കാര്യമല്ല; അത് ദൈവനിയോഗത്തിന്റെ കാര്യമാണ്.

യോഹന്നാൻ സ്നാപകന്റെ സമയത്ത് സ്നാനത്തെ മാർഗമായി ദൈവം നിയോഗിച്ചു. സ്വർഗരാജ്യത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന ഏവനും യോഹന്നാന്റെ സ്നാനമെന്ന പ്രവേശന കവാടത്തിലൂടെ കടന്നുപോകണമായിരുന്നു. യേശുക്രിസ്തുവിനുപോലും ഒഴിഞ്ഞുപോകുവാൻ കഴിയുമായിരുന്നില്ല. അവൻപോലും ഈ പ്രവേശന കവാടത്തിലൂടെ കടന്നുപോകണമായിരുന്നു. അല്ലെങ്കിൽ ഈ പ്രവേശന വാതിലിലൂടെ കടന്നുപോകുക എന്ന നീതിയുടെ അഭാവം അവനുണ്ടാകുമായിരുന്നു. ഇങ്ങനെയുള്ള ഒരു രീതിയിൽ കർത്താവ് അവന് ഉത്തരം നൽകിയതിനുശേഷം, യോഹന്നാൻ മനസ്സിലാക്കുകയും അവനെ സ്നാനപ്പെടുത്തുകയും ചെയ്തു.

സ്നാനപ്പെടുകയെന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ നീതിയുള്ളവനായിരിക്കുന്നതാണ്. നമ്മുടെ ആളത്തത്തിന്റെ അവസാനിപ്പിക്കലും മുളപ്പിക്കലും ദൈവമുമ്പാകെ നീതിയാണ്. സ്നാനപ്പെട്ടവൻ, അവസാനിപ്പിക്കപ്പെടുകയും മുളപ്പിക്കപ്പെടുകയും ചെയ്തവൻ, ദൈവവുമായി നിരപ്പുള്ളവനാണ്. നമ്മുടെ സ്വാഭാവിക മനുഷ്യനെ അവസാനിപ്പിക്കുകയും ഒരു പുതിയ ജീവൻകൊണ്ട് നമ്മെ മുളപ്പിക്കുകയും ചെയ്യുന്നതാണ് ദൈവത്തിന്റെ വ്യവസ്ഥ. നാം ദൈവവുമായി നിരപ്പുള്ളവരായിരിക്കണമെങ്കിൽ, നമ്മുടെ സ്വാഭാവിക ജീവനിൽ നാം അവസാനിപ്പിക്കപ്പെടുകയും ദിവ്യജീവനാൽ മുളപ്പിക്കപ്പെടുകയും വേണം. അവസാനിപ്പിക്കലും മുളപ്പിക്കലും ഏറ്റവും ഉന്നതമായ നീതിയാണ്. സ്വർഗരാജ്യത്തിന്റെ രാജാവെന്ന നിലയിൽ കർത്താവായ യേശു അവസാനിപ്പിക്കപ്പെടുവാൻ മുൻകൈ എടുത്തു. ഈ രീതിയിൽ അവൻ ദൈവത്തിന്റെ ദൃഷ്ടിയിൽ നീതി നിറവേറ്റി. അങ്ങനെ, അവൻ സ്വർഗരാജ്യം സ്ഥാപിക്കുവാനുള്ള ശരിയായ വ്യക്തിയായിരുന്നു.

കർത്താവു സ്നാനപ്പെട്ടത് ദൈവത്തിന്റെ നിയോഗമനുസരിച്ചുള്ള നീതി നിറവേറ്റുവാൻ മാത്രമല്ല, പിന്നെയോ സ്വാഭാവിക മാർഗത്തിലല്ല, പുനരുത്ഥാനത്തിന്റെ മാർഗത്തിൽ അവൻ ശുശ്രൂഷചെയ്യേണ്ടതിന് മരണപുനരുത്ഥാനങ്ങളിലേക്ക് അവനെത്തന്നെ വയ്ക്കുവാൻ അനുവദിക്കുവാനും ആയിരുന്നു. സ്നാനപ്പെട്ടതിലൂടെ മൂന്നര വർഷത്തിനുശേഷമുള്ള അവന്റെ യഥാർഥ മരണപുനരുത്ഥാനങ്ങൾക്കു മുമ്പുതന്നെ പുനരുത്ഥാനത്തിൽ അവൻ ജീവിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു. നമ്മുടെ ധാരണയനുസരിച്ച് കർത്താവായ യേശു ക്രൂശിൽ മരണത്തിന് ഏൽപ്പിക്കപ്പെടുകയും മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിലും കർത്താവിന്റെ സാക്ഷാൽക്കാരത്തിനനുസരിച്ചും അവന്റെ ക്രൂശീകരണത്തിന് മൂന്നര വർഷം മുമ്പ് അവൻ മരണത്തിന് ഏൽപ്പിക്കപ്പെട്ടു. അവൻ തന്റെ ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പുതന്നെ മരണത്തിന് ഏൽപ്പിക്കപ്പെടുകയും ഉയിപ്പിക്കപ്പെടുകയും ചെയ്തിരുന്നു. അങ്ങനെ, സ്വാഭാവികമായ ഒരു രീതിയിൽ അവൻ ശുശ്രൂഷിച്ചില്ല. അവന്റെ ശുശ്രൂഷ തികച്ചും അവന്റെ പുനരുത്ഥാന ജീവനിലായിരുന്നു. അങ്ങനെ, അവൻ നീതിയുടെ പ്രവേശന കവാടത്തിലേക്കു പ്രവേശിക്കുകയും നീതിയുടെ പാതയിലൂടെ നടക്കുകയും ചെയ്തു. ഈ പാതയിൽ അവൻ ചെയ്തതൊക്കെയും നീതിയായിരുന്നു.

കർത്താവായ യേശു മടങ്ങിവരുമ്പോൾ അനേകർ അവനോടു പറയും, "കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ ഞങ്ങൾ അനേകം വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്തില്ലയോ?" (7:22). കർത്താവ്

അവരോടു പറയും, "ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിരുന്നില്ല: അധർമത്തിന്റെ വേലക്കാരേ, എന്നെ വിട്ടുപോകുവിൻ" (7:23). കർത്താവ് ഇങ്ങനെ പറയുമെന്നു തോന്നുന്നു, "നീ അധർമിയായ ഒരു വ്യക്തിയാണ്. ഞാൻ ഒരിക്കലും നിന്നെ അംഗീകരിക്കുകയോ നീ ചെയ്തതിനോട് യോജിക്കുകയോ ചെയ്തിട്ടില്ല: കാരണം നീ പുനരുത്ഥാനത്തിൽ കാര്യങ്ങൾ ചെയ്തില്ല. നീ ചെയ്ത എല്ലാ നല്ല കാര്യങ്ങളും നിന്റെ സ്വാഭാവിക രീതിയിലും നിന്റെ സ്വാഭാവിക ജീവനിലുമാണ് ചെയ്തത്. നീ നീതിമാനല്ല: നീ അധർമിയാണ്." സ്നാനത്തിലൂടെ കർത്താവായ യേശു നീതിയുടെ പ്രവേശന കവാടത്തിലേക്ക് പ്രവേശിക്കുകയും, പിന്നീട് നീതിയുടെ പാതയിലൂടെ തുടർച്ചയായി നടക്കുകയും ചെയ്തു. അതുകൊണ്ട്, അവനായിരുന്നു നേരുള്ളവൻ, നീതിമാൻ (പ്രവൃ. 3:14; 7:52; 22:14).

## B. പരിശുദ്ധാത്മാവിനോടുകൂടെ

വാക്യം 16 പറയുന്നു, "സ്നാനപ്പെട്ട ശേഷം, യേശു ഉടനെ വെള്ളത്തിൽനിന്നു കയറി, ഇതാ, സ്വർഗം അവനു തുറക്കപ്പെട്ടു, ദൈവത്തിന്റെ ആത്മാവ് ഒരു പ്രാവെന്നപോലെ ഇറങ്ങി അവന്റെമേൽ വരുന്നത് അവൻ കണ്ടു." സ്നാനത്തിലൂടെ മാത്രമല്ല യേശു അഭിഷേകം ചെയ്യപ്പെട്ടത്, പിന്നെയോ പരിശുദ്ധാത്മാവിനാലും അവൻ അഭിഷേകം ചെയ്യപ്പെട്ടിരുന്നു.

### *1. വെള്ളത്തിൽനിന്നു കയറുന്നു*

കർത്താവ് തന്റെ സ്നാനത്തിൽ വെള്ളത്തിൽനിന്നു കയറി. ഇതു സൂചിപ്പിക്കുന്നത് അവന്റെ മരണത്തിനും അടക്കത്തിനുംശേഷം മരിച്ചവരിൽനിന്നും അവൻ ഉയിർപ്പിക്കപ്പെട്ടു എന്നാണ്.

### *2. സ്വർഗം അവനു തുറക്കപ്പെട്ടു*

ദൈവത്തിന്റെ നീതി നിറവേറ്റുവാനും മരണപുനരുത്ഥാനങ്ങളിലേക്ക് വയ്ക്കുവാനുമുള്ള കർത്താവിന്റെ സ്നാനം മൂന്നു കാര്യങ്ങൾ കൊണ്ടുവന്നു: തുറന്ന സ്വർഗവും, ദൈവാത്മാവിന്റെ ഇറങ്ങിവരലും, പിതാവിന്റെ സംസാരവും. ഇന്ന് നമ്മോടുകൂടെയും ഇങ്ങനെ ആയിരിക്കണം.

ദൈവത്തിന്റെ നീതി നിവർത്തിച്ചുകൊണ്ട് കർത്താവായ യേശു സ്നാനപ്പെട്ടിരുന്നതിനാൽ സ്വർഗം അവനു തുറക്കപ്പെടുകയും, പരിശുദ്ധാത്മാവ് അവന്റെമേൽ ഇറങ്ങിവരുകയും, പിതാവ് അവനെ സംബന്ധിച്ച് സംസാരിക്കുകയും ചെയ്തു. ദൈവത്തിന്റെ നീതി നിറേറ്റിക്കൊണ്ട് അവൻ സ്നാനപ്പെട്ടത് ദൈവത്തെ പ്രസാദിപ്പിച്ചു. അങ്ങനെ, അവന്റെ സ്നാനം സ്വർഗത്തെ തുറക്കുകയും, പരിശുദ്ധാത്മാവിനെ താഴേക്ക് കൊണ്ടുവരുകയും, പിതാവിന്റെ വായ് തുറക്കുകയും ചെയ്തു. ഒരു തുറന്ന സ്വർഗവും, ആത്മാവിന്റെ

ഇറങ്ങിവരലും, പിതാവിന്റെ സംസാരവും നമുക്കുണ്ടായിരിക്കുവാൻ കഴിയുന്ന മാർഗം അവസാനിപ്പിക്കപ്പെടുന്നതാണ്. നാം അവസാനിപ്പിക്കപ്പെടുമ്പോഴെല്ലാം സ്വർഗം തുറക്കപ്പെട്ടിരുന്നുവെന്ന് നമ്മിൽ അനേകർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. അതിനു വിരുദ്ധമായി, നാം സ്വാഗതം ചെയ്യപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യിരുന്നപ്പോഴെല്ലാം സ്വർഗം അടയ്ക്കപ്പെട്ടു. സഭാജീവിതത്തിൽ നാം അവസാനിപ്പിക്കപ്പെടുമ്പോഴെല്ലാം സ്വർഗം തുറക്കപ്പെടുന്നു. കൂടാതെ, ഓരോ അവസാനിപ്പിക്കലും പരിശുദ്ധാത്മാവിനെ താഴേക്കു കൊണ്ടുവരുകയും നമ്മുടെ സ്വർഗീയ പിതാവിന്റെ വായ് തുറക്കുകയും ചെയ്യുന്നു. ആ സമയം പിതാവു പറയും, "എന്റെ പ്രിയനായവൻ." ദൈവത്തിന്റെ സംസാരം കേൾക്കുന്ന കാര്യത്തിൽ എന്റെ ഏറ്റവും മധുരകരമായ സമയങ്ങൾ അവസാനിപ്പിക്കലിന്റെ സമയങ്ങളായിരുന്നു എന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ഒരുപക്ഷെ കണ്ണുനീരിന്റെ വക്കോളം ഞാൻ അവസാനിപ്പിക്കപ്പെട്ടിരുന്നു, എന്നാൽ എന്റെ അവസാനിപ്പിക്കൽ എന്നോട് ഒരു മധുരവാക്കു സംസാരിച്ചവനായ പിതാവിന്റെ വായ് തുറന്നു. "എന്റെ പ്രിയ കുഞ്ഞ്" എന്നു മാത്രമേ അവൻ പറഞ്ഞുള്ളൂ. ഈ ലളിതമായ വാക്ക് മതിയായതാണ്. അത് കരുണയും കൃപയും നിറഞ്ഞതാണ്. "എന്റെ പ്രിയ കുഞ്ഞ്" എന്ന് അവൻ പറയുന്നത് എന്തൊരു ആശ്വാസവും എന്തൊരു ബലവുമാണ്! സഭാജീവിതത്തിൽ ഇതുപോലുള്ള നിരവധി അനുഭവങ്ങൾ നമുക്കുണ്ട്. എങ്കിലും, സഭയ്ക്കു വെളിയിൽ അപൂർവമായി മാത്രമേ ഇങ്ങനെയുള്ള കാര്യങ്ങൾ അനുഭവപ്പെടുകയുള്ളൂ. സഭാജീവിതത്തിൽ നാം അവസാനിപ്പിക്കപ്പെടുമ്പോൾ, സ്വർഗം തുറക്കപ്പെടുകയും, ആത്മാവു വരുകയും, പിതാവ് സംസാരിക്കുകയും ചെയ്യുന്നു. നമുക്കൊരു തുറന്ന സ്വർഗവും, അഭിഷേകം ചെയ്യുന്ന ആത്മാവും, സംസാരിക്കുന്ന പിതാവും ഉണ്ട്.

## 3. ദൈവത്തിന്റെ ആത്മവ് അവന്റെമേൽ ഇറങ്ങുന്നു

വാക്യം 16 പറയുന്നു, "ദൈവത്തിന്റെ ആത്മാവ് ഒരു പ്രാവെന്നപോലെ ഇറങ്ങി അവന്റെമേൽ വരുന്നത് അവൻ കണ്ടു." ദൈവത്തിന്റെ ആത്മാവ് ഇറങ്ങുകയും അവന്റെമേൽ വരുകയും ചെയ്യുന്നതിനുമുമ്പ് കർത്താവായ യേശു പരിശുദ്ധാത്മാവിനാൽ ജനിച്ചവനായിരുന്നു (ലൂക്കൊ. 1:35); അതു തെളിയിക്കുന്നത് അവന്റെ ഉള്ളിൽ ദൈവത്തിന്റെ ആത്മാവ് നേരത്തേ ഉണ്ടായിരുന്നു എന്നാണ്. അത് അവന്റെ ജനനത്തിനായിരുന്നു. ഇപ്പോൾ അവന്റെ ശുശ്രൂഷയ്ക്കുവേണ്ടി ദൈവത്തിന്റെ ആത്മാവ് അവന്റെമേൽ ഇറങ്ങിവന്നു. ഇത് പുതിയ രാജാവിനെ അഭിഷേകം ചെയ്യുവാനും തന്റെ ജനത്തിന് അവനെ പരിചയപ്പെടുത്തുവാനുമായി യെശയ്യാവ് 61:1; സങ്കീർത്തനം 45:7 എന്നീ വാക്യങ്ങളുടെ നിറവേറലിനു വേണ്ടിയായിരുന്നു.

പ്രാവ് സൗമ്യതയുള്ളതാണ്; അതിന്റെ കണ്ണുകൾക്ക് ഒരു സമയത്ത് ഒരു വസ്തുവിനെ മാത്രമേ കാണുവാൻ കഴിയുകയുള്ളൂ. തന്മൂലം, അത് സൗമ്യതയെയും കാഴ്ചയിലും ഉദ്ദേശ്യത്തിലുമുള്ള ഏകാഗ്രതയെയും സൂചിപ്പിക്കുന്നു. പ്രാവെന്നപോലെ ദൈവത്തിന്റെ ആത്മാവ് അവന്റെമേൽ ഇറങ്ങിവന്നതിലൂടെ കർത്താവായ യേശു ദൈവഹിതത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് സൗമ്യതയിലും ഏകാഗ്രതയിലും ശുശ്രൂഷ ചെയ്തു.

കർത്താവായ യേശു പരിശുദ്ധാത്മാവിനാൽ ഗർഭംധരിക്കപ്പെട്ടിരുന്നു (1:18, 20). അവൻ പരിശുദ്ധാത്മാവിനാൽ ജനിക്കുകയും പരിശുദ്ധാത്മാവിനാൽ സംരചിക്കപ്പെട്ടുമിരുന്നു. പരിശുദ്ധാത്മാവായിരുന്നു അവന്റെ ഘടകാംശം. എന്നിരുന്നാലും, പരിശുദ്ധാത്മസ്നാനം, പരിശുദ്ധാത്മാവിന്റെ വർഷിക്കൽ അപ്പോഴും അവന് ആവശ്യമായിരുന്നു. അവൻ കന്യകയായ മറിയയുടെ ഗർഭത്തിലായിരുന്നപ്പോൾ, അവൻ പരിശുദ്ധാത്മാവിനാൽ സംരചിക്കപ്പെട്ടിരുന്നു. ഇത് അർഥമാക്കുന്നത് അവൻ പരിശുദ്ധാത്മാവിന്റെ ഒരു സംരചന ആയിരുന്നു എന്നാണ്. അത് ആന്തരികമായ ഒന്നായിരുന്നു. ബാഹ്യമായി, അവന് അപ്പോഴും പരിശുദ്ധാത്മാവ് അവന്റെമേൽ ഇറങ്ങിവരണമായിരുന്നു.

യേശു സ്നാനപ്പെടുന്നതിനുമുമ്പ് അവനിൽ ആത്മാവ് ഉണ്ടായിരുന്നതിനാൽ, ആത്മാവ് എന്തുകൊണ്ടാണ് അവന്റെമേൽ ഇറങ്ങിവന്നത്? ഇത് രണ്ട് ആത്മാക്കളാണോ? യേശുവിൽ ദൈവത്തിന്റെ ആത്മാവല്ലായിരുന്നുവോ? തീർച്ചയായും അവനായിരുന്നു. എന്നിട്ടും ആത്മാവ് എന്തുകൊണ്ട് അവന്റെമേൽ ഇറങ്ങവന്നു? അവന്റെ ഉള്ളിലുണ്ടായിരുന്ന ആത്മാവ് അവന്റെമേൽ ഇറങ്ങിവന്ന ആത്മാവിൽനിന്നും വ്യത്യാസമുള്ളതാണോ? അവന്റെമേൽ ഇറങ്ങിവന്ന ആത്മാവ് അവന്റെ ഉള്ളിൽ നേരത്തേ ഉണ്ടായിരുന്ന ആത്മാവിനു പുറമെയുള്ള മറ്റൊരു ആത്മാവാണോ? ഈ രണ്ട് ആത്മാക്കളും ഒരു ആത്മാവായിരുന്നു എന്നു നിങ്ങൾ പറയുന്നുവെങ്കിൽ ഈ രണ്ട് ആത്മാക്കൾക്ക് എങ്ങനെ ഒന്നായിരിക്കുവാൻ കഴിഞ്ഞുവെന്ന് ഞാൻ ചോദിക്കും. കർത്താവായ യേശുവിൽ നേരത്തേ വസിച്ചിരുന്ന അതേ ആത്മാവ് അവന്റെമേൽ ഇറങ്ങിവന്നു. യേശുവിന് ആത്മാവ് ഉണ്ടായിരുന്നോ ഇല്ലയോ? അതെ, അവന് ഉണ്ടായിരുന്നു. പിന്നെ എന്തുകൊണ്ടാണ് അപ്പോഴും ആത്മാവ് അവന്റെമേൽ ഇറങ്ങിവന്നത്? ഞാൻ നിങ്ങളോടുകൂടെ ഉണ്ട്. ഞാൻ ഇവിടെ ഉള്ളതിനാൽ, എനിക്കെങ്ങനെ ഇനിയും നിങ്ങളുടെ അടുക്കലേക്കു വരുവാൻ കഴിയും? എനിക്ക് ഇവിടെ ആയിരിക്കുവാനും, എങ്കിലും അപ്പോഴും വരുവാനും കഴിയുന്നത് അസാധ്യമാണെങ്കിലും, ദിവ്യവ്യക്തിക്ക് അത് അസാധ്യമല്ല. കർത്താവ് അത്ഭുതവാനാണ്. ഒരേ സമയത്ത് അവന് ഒരിടത്ത് ആയിരിക്കുവാനും, കൂടാതെ

വരുവാനും കഴിയും. ക്രിസ്തു നിങ്ങളിലാണോ അതോ അവൻ സ്വർഗത്തിലാണോ? അവൻ നമ്മിലും ഉണ്ട്, സ്വർഗത്തിലും ഉണ്ട്. അങ്ങനെ, കർത്താവ് ഇവിടെ ഉണ്ട്, വരുകയും ചെയ്യുന്നു.

### *4. പിതാവ് അവനോടു സംസാരിക്കുന്നു*

വാക്യം 17 പറയുന്നു, "ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനിൽ ഞാൻ എന്റെ പ്രസാദം കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഇതാ,സ്വർഗത്തിൽനിന്ന് ഒരു ശബ്ദവും ഉണ്ടായി." ആത്മാവിന്റെ ഇറങ്ങിവരവ് ക്രിസ്തുവിന്റെ അഭിഷേകവും, പിതാവിന്റെ സംസാരം പ്രിയപുത്രനെന്ന നിലയിൽ അവനുള്ള ഒരു സാക്ഷ്യവും ആയിരുന്നു. ഇവിടെ ദിവ്യ ത്രിത്വത്തിന്റെ ഒരു ചിത്രമുണ്ട്: പുത്രൻ വെള്ളത്തിൽനിന്നു കയറിവരുകയും, ആത്മാവ് പുത്രന്റെമേൽ ഇറങ്ങിവരുകയും, പിതാവ് പുത്രനെ സംബന്ധിച്ച് സംസാരിക്കുകയും ചെയ്തു. പിതാവും പുത്രനും ആത്മാവും ഒരേ സമയത്ത് നിലനിൽക്കുന്നു എന്ന് ഇതു തെളിയിക്കുന്നു. ഇത് ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറലിനുവേണ്ടിയാണ്.